LIBRARY ARCHIVES Kerala Legislative Assembly

വനമേഖലയിൽ തൊഴിലുറപ്പ് പദ്ധതി

131 (4484) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി-മച്ചാട് വനം റേഞ്ചിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി എത്ര പ്രവൃത്തികൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) വനമേഖലയിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കാൻ ഈ പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ടാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) എത്ര പ്രവൃത്തികൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വടക്കാഞ്ചേരി റെയിഞ്ചിൽ ദേശീയ ഗ്രാമീണ തൊഴിൽ പദ്ധതിയുടെ ഭാഗമായി 2010-11 വർഷത്തിൽ 4 പ്രവൃത്തികൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. മച്ചാട് റെയിഞ്ചിൽ പ്രവൃത്തികൾ ഒന്നും നടത്തുവാൻ തീരുമാനിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി)

1. കടങ്ങോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട്, 2008 കടങ്ങോട് പൾപ്പ് വുഡ് തോട്ടത്തിന്റെ 3-ാം വർഷ പരിചരണം.

2. വേലൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് 2008 തയ്യൂർ പൾപ്പ് വുഡ് തോട്ടത്തിന്റെ 3-ാം വർഷ പരിചരണം.

3. വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട്, 2008 കോനാത്തകുന്ന് പൾപ്പ് വുഡ് തോട്ടത്തിന്റെ 3-ാം വർഷ പരിചരണം.

4. എരുമപ്പെട്ടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട്, 2008 നെല്ലുവായ് പൾപ്പ് വുഡ് തോട്ടത്തിന്റെ 3-ാം വർഷ പരിചരണം.

(ഡി) മേൽ പ്രവൃത്തികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

തടിയധിഷ്ഠിത വ്യവസായത്തിന് എൻ.ഒ.സി. കിട്ടുന്നതിന് കാലതാമസം ഒഴിവാക്കാൻ നടപടി

132 (4485) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട തടിയധിഷ്ഠിത വ്യവസായ യൂണിറ്റിന് ലൈസൻസ് നൽകാൻവേണ്ടി 2008-09, 2009-10 വർഷത്തിൽ എത്ര അപേക്ഷകളുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത എത്ര അപേക്ഷകളിൻമേൽ തീർപ്പ് കൽപ്പിച്ചെന്നും, ബാക്കി അപേക്ഷകളുടെ പുരോഗതിയും വെളിപ്പെടുത്തുമോ ;

(സി) ചെറുകിട തടിയധിഷ്ഠിത വ്യവസായ യൂണിറ്റിനുള്ള എൻ.ഒ.സി. ക്ക് വേണ്ടിയുള്ള അപേക്ഷകളിന്മേൽ ഉള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ കാലതാമസം വരുന്നതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത കാലതാമസം ഒഴിവാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ ;

(ഇ) പ്രസ്തുത അപേക്ഷകളിന്മേൽ നിശ്ചിത തീയതിക്കുള്ളിൽ തീർപ്പ് കൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചെറുകിട തടിയധിഷ്ഠിത വ്യവസായ യൂണിറ്റുകൾക്ക് ലൈസൻസ് നൽകാൻവേണ്ടി 2008-09, 2009-10 എന്നീ വർഷങ്ങളിൽ അപേക്ഷകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. എന്നാൽ ബന്ധപ്പെട്ട അധികാരിയിൽ നിന്നും ലൈസൻസ് ലഭിക്കുന്നതിനുവേണ്ടിയുള്ള നിരാക്ഷേപപത്രത്തിനായി ഈ വർഷങ്ങളിൽ മൊത്തം 5869 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ജില്ല	2008-2009	2009-10	ജില്ല	2008-2009	2009-10
തിരുവനന്തപുരം	82	103	കൊല്ലം	68	124
പത്തനംതിട്ട	45	104	ആലപ്പുഴ	25	69
കോട്ടയം	39	129	ഇടുക്കി	20	60
എറണാകുളം	300	550	തൃശ്ശൂർ	265	496
പാലക്കാട്	106	303	മലപ്പുറം	477	950
കോഴിക്കോട്	288	318	വയനാട്	42	53
കണ്ണൂർ	198	453	കാസർകോട്	57	145

(ബി) 2008-09 സാമ്പത്തിക വർഷത്തിന് മുൻപ് ലഭിച്ച അപേക്ഷകളിൽ സീനിയോറിറ്റി അനുസരിച്ച് 502 നിരാക്ഷേപ പത്രം നൽകിയശേഷം 2008-09 വർഷത്തിൽ ലഭിച്ച 530 എണ്ണത്തിൽ തീർപ്പ് കൽപ്പിച്ച് എൻ.ഒ.സി. നൽകിക്കഴിഞ്ഞു. 927 അപേക്ഷകളിൽ സ്രെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് എൻ.ഒ.സി. ലഭിക്കുന്നതിനുള്ള യോഗ്യത തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുന്നതിനുള്ള നോട്ടീസ് അയച്ചു കഴിഞ്ഞു. 323 അപേക്ഷകളിൽ ഒറ്റത്തവണ നൽകേണ്ട ഫീസ് അടയ്ക്കുന്നതിനുള്ള നോട്ടീസ് അയച്ചു കഴിഞ്ഞു. 30-10-2002-നുശേഷം തുടങ്ങിയതോ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങുവാൻ ഉദ്ദേശിച്ചതൊ ആയ തടിമില്ലുകൾക്കുള്ള 322 അപേക്ഷകൾക്ക് ബഹു. സുപ്രീം കോടതിയുടെ ഉത്തരവനുസരിച്ച് ഇപ്പോൾ എൻ.ഒ.സി നൽകുവാൻ കഴിയാത്തതിനാൽ മാറ്റിവച്ചിരിക്കുന്നു. 1-5-2009 മുതൽ 30-11-2009 വരെ ലഭിച്ച 2047 അപേക്ഷകളിൽ സ്ഥല പരിശോധന പൂർത്തിയാക്കി അവയുടെ വിവരങ്ങൾ കംപ്യൂട്ടറിൽ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ഇവ സ്റ്റേറ്റ് ലെവൽ കമ്മിറ്റി മുൻപാകെ സമർപ്പിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു. 1720 അപേക്ഷകളുടെ വിവരങ്ങൾ കംപ്യൂട്ടറിൽ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നു. പൂർത്തീകരിക്കുന്ന മുറയ്ക്ക് സ്ഥലപരിശോധന നടത്തുന്നതിനുള്ള നടപടി എടുക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) എൻ.ഒ.സി. ആവശ്യപ്പെട്ടുകൊണ്ട് ലഭിക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. 1980 ലെ കേന്ദ്ര വന സംരക്ഷണ നിയമ നടത്തിപ്പിന്റെ കാര്യത്തിനായുള്ള ചീഫ് ഫോറസ്റ്റ് കൺസർവേറ്ററെ എൻ.ഒ.സി. നൽകുന്ന പ്രവൃത്തിയുടെ ഉത്തരവാദിത്വം അധികമായി ഏൽപ്പിച്ചതിനാൽ ആ ഓഫീസിൽ ലഭ്യമായ മൂന്ന് ക്ലാർക്കുമാരുടെ അധിക സേവനം ഉപയോഗിച്ചുകൊണ്ടാണ് എൻ.ഒ.സി.ക്കു വേണ്ടിയുള്ള അപേക്ഷകൾ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. ലഭിക്കുന്ന അപേക്ഷകളിലെ വിവരങ്ങൾ സ്ഥിരമായി സൂക്ഷിക്കുന്നതിന് ഡേറ്റാ ബാങ്ക് ഉണ്ടാക്കേണ്ടതുണ്ട്. കൂടാതെ ഓരോ അപേക്ഷകളിലേയും വിവരങ്ങൾ വസ്തുനിഷ്ഠമായി പരിശോധിച്ച് ബഹു. സുപ്രീം കോടതി അധികാരപ്പെടുത്തിയ സെൻട്രൽ എംപവേർഡ് കമ്മിറ്റി നൽകിയിട്ടുള്ള മാർഗ്ഗരേഖകൾക്കനുസരിച്ചുള്ളതാണോ എന്ന് വിലയിരുത്തിയതിനുശേഷം മാത്രമേ എൻ.ഒ.സി.ക്കുള്ള അർഹത നിശ്ചയിക്കാൻ സാധിക്കുകയുള്ളു. അപേക്ഷകൾ ലഭിക്കുന്ന തീയതി അനുസരിച്ചുള്ള ക്രമനമ്പരുകളുടെ സീനിയോറിറ്റി പ്രകാരം മാത്രമേ അപേക്ഷകൾ പരിഗണിക്കാവൂ എന്ന് സെൻട്രൽ എംപവേർഡ് കമ്മിറ്റി നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ അപേക്ഷകളിലും മേൽ സൂചിപ്പിച്ച നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനും, യോഗ്യത തെളിയിക്കുന്നതിനുമുള്ള വ്യക്തമായ രേഖകൾ യഥാസമയം ഹാജരാക്കാത്ത അപേക്ഷകരിൽ നിന്നും ആയത് ലഭിക്കുന്നതിനും, അർഹതയുള്ള യൂണിറ്റുകൾ ഒറ്റത്തവണ ഫീസ് അടയ്ക്കുന്നതിനും എടുക്കുന്ന സമയദൈർഘ്യം മൂലമുണ്ടാകുന്ന അനിവാര്യമായ കാലതാമസം മാത്രമേ ഉണ്ടാകുന്നുള്ളു.

(ഡി) ജീവനക്കാരെ കൂടുതലായി ഈ ആവശ്യത്തിന് നിയമിക്കുന്നതിനും, കംപ്യൂട്ടർ തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ട ശുപാർശകൾ സെൻട്രൽ എംപവേർഡ് കമ്മിറ്റി മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.

(ഇ) കാലതാമസം പരമാവധി കുറച്ച് തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആക്രമണങ്ങളിൽ പരിക്കു പറ്റുന്ന വനപാലകർക്ക് നഷ്ടപരിഹാരം

133 (4486) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനപാലകരെ ആക്രമിക്കുന്നതും ഫോറസ്റ്റ് സ്റ്റേഷനുകൾ ആക്രമിക്കുന്നതുമായ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly